**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ - ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ - നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**1716/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം,**08/08/2019.**

---

**ഉത്തരവ്**

സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലുംപെട്ട് വീടുകളിലും, മറ്റ് കെട്ടിടങ്ങളിലും കുടുങ്ങിപ്പോയിട്ടുള്ള ആൾക്കാർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, മുൻസിപ്പാലിറ്റി ചെയർമാൻ / സെക്രട്ടറി. കോർപ്പറേഷൻ ചെയർമാൻ / സെക്രട്ടറി എന്നിവർ നേതൃത്വം വഹിക്കേണ്ടതാണ്.

2. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ദുരന്ത നിവാരണ/ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതും ഇത് ഡ്യൂട്ടിയുടെ ഭാഗമായി തന്നെ പരിഗണിക്കുന്നതുമാണ്. അടിയന്തിര ഘട്ടങ്ങളിലല്ലാതെ ജീവനക്കാർക്ക് അവധി അനുവദിക്കുന്നതല്ല.

3. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് സൗകര്യപ്രദമായ ഹാളുകൾ കണ്ടെത്തി, മാറ്റിപ്പാർപ്പിക്കുന്നതിന് റവന്യൂ അധികാരികളെ സഹായിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നു

4. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ മേധാവികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്ന് തദ്ദേശവാസികളെ രക്ഷപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് ജില്ലാ കളക്ടർ നൽകുന്ന നിർദ്ദേശങ്ങളോട് പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാനും തദ്ദേശസ്വയംഭരണ മേധാവികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
പഞ്ചയാത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ (പഞ്ചയാത്ത് ഡയറക്ടർ മുഖേന)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

Danji M

സെക്ഷൻ ഓഫീസർ